LIGHTED TO LIGHTEN

വൈദികമിത്രം

Vol. 17 - 2016



മാർത്തോമ്മാ
ദയറാ പ്രസിദ്ധീകരണം

മലങ്കര മാർത്തോമ്മാ
സുറിയാനി സഭയുടെ 20-ാം മാർത്തോമ്മ
അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക്
പ്രാർത്ഥനാ നിർഭരമായ ജന്മദിനാശംസകൾ.
രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ
സഭയുടെ നിരീക്ഷകനായി പങ്കെടുത്ത
ഭാരതത്തിലെ സഭകളിൽ ഉന്നത ശീർഷനാണ്
തിരുമേനി. പട്ടത്വ ശുശ്രൂഷയിലും
മേൽപ്പട്ട സ്ഥാനത്തിലും അഭിവന്ദ്യ തിരുമേനി
എല്ലാവരിലും പ്രഥമനായി വിരാജിക്കുന്നതിൽ
മനഃപ്പൂർവ്വമായി നമുക്ക് ദൈവത്തിന്
സ്തോത്രം ചെയ്യാം.

നിത്യ നമസ്കാരക്രമം

സഭയുടെ വിശ്വാസം ക്രോഡീകരിച്ചിരിക്കുന്നത് തിരുവചനത്തിലും ആരാധനാക്രമങ്ങളിലുമാണ്. കാലാകാലങ്ങളിൽ വെളിപ്പെടുത്തപ്പെട്ട ദൈവീക രഹസ്യങ്ങളുടെ കലവറയാണ് തക്സാകൾ. തലമുറകളായി കൈമാറി വരുന്ന ഈ രഹസ്യങ്ങൾ നിത്യതയോളം സൂക്ഷിക്കുന്നതിന് സഭയെ ഏല്പിച്ചിരിക്കുന്നു. വിശ്വാസത്തിനുവേണ്ടി പോരാടിയതും സജീവമായി അതിനെ നിലനിറുത്തിയതും ആദ്യ നൂറ്റാണ്ടിലെ സഭയും രക്തസാക്ഷികളുമാണ്. ശ്രീ. യേശു ആര്? എന്ന ചോദ്യത്തിന് എക്കാലത്തേക്കുമുള്ള ഉത്തരങ്ങളാണ് പ്രാർത്ഥനാ ക്രമങ്ങൾ നമുക്ക് നൽകുന്നത്. ചിട്ടയോടും ഭക്തിയോടും വിശ്വാസയാത്രയിൽ മുന്നേറുന്നതിന് അവ നമ്മെ സഹായിക്കുന്നു.

സുറിയാനി സഭയിൽപ്പെട്ട എല്ലാ സമൂഹങ്ങൾക്കും പ്രാർത്ഥനയുടെ കലവറയായ ശ്ഹീമാ നമസ്കാരം ഉണ്ട്. സുറിയാനി മൂലരൂപത്തിൽ നിന്ന് എബ്രാഹാം മല്പാൻ രൂപപ്പെടുത്തിയതാണ് നാം ഇന്ന് ഉപയോഗിക്കുന്ന ക്രമം. ഭാഷയിലും രൂപത്തിലും ഘടനയിലും ഇവ മെച്ചപ്പെട്ടതു തന്നെ. എന്നാൽ പ്രാർത്ഥനകൾ മിക്കതും ഗീതങ്ങളാക്കാൻ കഴിഞ്ഞില്ല. പൂർവ്വ രൂപത്തിലെ നിറവും രീതിയും തലക്കെട്ടായി കൊടുത്തിരിക്കുന്നതിനാൽ പലതും ഗീതങ്ങളാക്കി നമുക്ക് രൂപപ്പെടുത്താം. മനുഷ്യ മനസ്സുകളിൽ ചേക്കേറാൻ അവയ്ക്കാണല്ലോ ഏറെ പ്രാഗത്ഭ്യം. തീത്തൂസ് ദ്വിതീയൻ തിരുമേനിയുടെ കാലത്ത് ആറോ, ഏഴോ, പ്രതികൾ മാത്രം ഉണ്ടായിരുന്നപ്പോഴാണ് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ ഉത്സാഹത്തിൽ വന്ദ്യ പാലക്കുന്നത് അബ്രഹാം മല്പാന്റെ സ്മരണയ്ക്കായി ഇത് 1942-ൽ പുനഃപ്രസിദ്ധപ്പെടുത്തിയത്. 1942-ൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ ശ്മീഹാ നമസ്കാരക്രമത്തിൽ മാളിയേക്കൽ സഖറിയാ മല്പാനച്ചന്റെ പ്രൌഢമുഖവുരയിൽ ഈ ക്രമത്തിന്റെ ചരിത്ര, സഭാ, വേദ ശാസ്ത്ര ചിന്തകൾ പങ്കുവച്ചിട്ടുണ്ട്. 200 പ്രതികൾ മാത്രം അച്ചടിക്കുവാനുള്ള സഭയുടെ അന്നത്തെ കോശസ്ഥിതിയും വിവരിച്ചിട്ടുണ്ട്. 1993-ൽ ഞങ്ങൾ റമ്പാച്ചന്മാരായി കോട്ടയം ബഥേൽ അരമനയിൽ പാർക്കും കാലം അരമന ചാപ്പലിൽ അവിടെ താമസിച്ച് ശുശ്രൂഷ നിർവഹിച്ച ഭാഗ്യ സ്മരണീയനായ തോമസ് മാർ അത്തനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി ഉപയോഗിച്ചുവന്ന ശ്മീഹാ നമസ്കാര ത്തിന്റെ ഒരു പ്രതി കണ്ടുകിട്ടി. യോശീയാരാജാവിന്റെ കാലത്ത് ന്യായപ്രമാണം കണ്ടുകിട്ടിയ സന്തോഷം പോലെ അലക്സാണ്ടർ മാർത്തോമ്മാ തിരുമേനിയുടെ കാലത്ത് ഇവ വീണ്ടും പ്രസിദ്ധപ്പെടുത്തുന്നതിന് ബഹു എപ്പിസ്ക്കോപ്പൽ സിനഡ് തീരുമാനിക്കുകയും ഇന്നേവരെ ആറ്പതിപ്പ്കളിലായി 15000 കോപ്പികൾ വിശ്വാസികളുടെ കൈകളിൽ എത്തുന്നതിനിടയായി. നമ്മുടെ പുനലൂർ ബോയ്സ് ഹോമിലും മണക്കാല ഗുരുകുലത്തിലും ദയറാകളിലും ഇവ ക്രമമായി ഉപയോഗിക്കുന്നു. ഉപയോഗിക്കപ്പെടേണ്ട വൈദിക പാഠശാലകളിൽ ഇവ നിഷ്കർഷയോടെ ഉപയോഗിക്കപ്പെടണം.

വിശ്വാസത്തിൽ ഉറയ്ക്കുന്നതിനും, പ്രാർത്ഥനയിൽ ജീവിതം ചിട്ടപ്പെടുത്തുന്നതിനും രക്ഷകനായ ക്രിസ്തുവിനെ അനുദിനം രുചിച്ചറിയുന്നതിനും സത്യ നമസ്കാരികളായ ഏവർക്കും ഈ പ്രാർത്ഥനാ സഹകാരി സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടെ,

2016 ഒക്ടോബർ, 23

ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ



ശരീരത്തിന് ജീവൻ ആഹാരമായിരിക്കും വിധം ആത്മാവിനു ജീവൻ പ്രാർത്ഥനയാകുന്നു. അതുകൊണ്ട് നാമെല്ലാവരും പ്രാർത്ഥനയുള്ള വരായിരിക്കണം. ഈ ഒരു തിരിച്ചറിവ് ലോകാരംഭം മുതൽ മനുഷ്യൻ പഠിച്ചും പരിചയിച്ചും വന്ന ഒരു സംഗതിയാകുന്നു. വിശുദ്ധ വേദപുസ്തകം ആദിയോടന്തം പരിശോധിച്ചാൽ രാജാക്കന്മാരും (സങ്കീ. 55:17) ദീർഘ ദർശിമാരും [പ്രവാചകന്മാരും](ദാനി. 6:10) ആചാര്യന്മാരും (പുറ. 30:7) നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവും (വി. മർക്കോ. 1:35) തന്റെ ശിഷ്യന്മാരും (അ. പ്ര. 3:1, 10:9, 16:25) വിശ്വാസികളുടെ കൂട്ടവും നിശ്ചിത സമയങ്ങളിലും കാലങ്ങളിലും ഭയഭക്തിയോടുകൂടി ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്തു വന്നതായി നാം കാണുന്നു. ഈ സത്യ അറിവിന്റെ പിൻതുടർച്ചയെന്നോണം പരിശുദ്ധ സഭാ പിതാക്കന്മാർ നിശ്ചയിക്കപ്പെട്ട സമയങ്ങളിൽ ദൈവത്തെ സ്തുതിയ്ക്കുവാനും ആരാധിക്കുവാനും നമ്മെ പഠിപ്പിച്ചു.

നമ്മുടെ സഭയിൽ ദിനംപ്രതി നമസ്കാരങ്ങൾക്കായി ചിട്ടപ്പെടുത്തിയ നമസ്കാരക്രമമാണ് ശ്ഹീമാ നമസ്കാരം അഥവാ നിത്യ നമസ്കാരക്രമം. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ഏഴു നേരമായി ഒരാഴ്ചത്തേക്ക് ക്രമീകൃതമായ രീതിയിൽ ചിട്ടപ്പെടുത്തിയ പ്രാർത്ഥനകളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. മലങ്കര സഭയിലെ നവീകരണ നേതാക്കളായ പാലക്കുന്നത്ത് അബ്രഹാം മല്പാൻ, കൈതയിൽ ഗീവർഗ്ഗീസ് മല്പാൻ മുതലായവർ സുറിയാനിയിൽ തന്നെ വേണ്ട പരിഷ്കാരങ്ങൾ വരുത്തി ഉപയോഗിച്ചുവന്ന സുറിയാനി പുസ്തകത്തിന്റെ തർജ്ജിമയാണ് ഇപ്പോൾ നിലവിലുള്ള നമ്മുടെ ശ്ഹീമ നമസ്കാരം. ഈ പരിഷ്കാരങ്ങൾ പല സുറിയാനി ഭാഷാ പണ്ഡിതന്മാരുടെയും പ്രശംസയ്ക്ക്

പാത്രീഭവിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യ യോഗ്യമാണ്. സുറിയാനി ഭാഷയിൽ പദ്യ രൂപത്തിൽ രചിച്ചിരുന്ന ഈ ശ്ഹീമ നമസ്കാരം മലയാളത്തിലേക്ക് വിവർത്തനം ചെയ്തപ്പോൾ അധികഭാഗവും ഗദ്യമായാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കിഴക്കൻ സഭകളുമായി യോജിപ്പുള്ള ആരാധനപൈതൃകമാണ് മലങ്കരയിലെ സുറിയാനി സഭകൾ പിൻതുടർന്നു പോരുന്നത്. ഈ കിഴക്കൻ സഭയുടെ പാരമ്പര്യങ്ങൾ പലതും യഹൂദ സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. യഹൂദ ക്രമപ്രകാരം ഒരു ദിവസം ആരംഭിക്കുന്നത് സന്ധ്യയ്ക്ക് ആറുമണി മുതലാണ്. ഈ രീതിയനുസരിച്ച് നമ്മുടെ സഭയിലും ഒരു ദിവസം എന്നത് സന്ധ്യമുതൽ പിറ്റെ ദിവസം സന്ധ്യവരെയുള്ള 24 മണിക്കൂറുകളാണ്. പഴയകാലത്ത് സമയം നാഴിക കണക്കിലാണ് ക്രമീകരിച്ചിരുന്നത്. ഒരു ദിവസം അറുപത് നാഴികയാണ്. അതായത് രണ്ടര നാഴിക ഒരു മണിക്കൂർ. ഉദയത്തിനുശേഷം ഓരോ ഏഴര നാഴിക അഥവാ മൂന്നു മണിക്കൂർ കൂടുന്നതാണ് ഒരു യാമം. ഇങ്ങനെ ഓരോ യാമങ്ങളിലും (സങ്കീ. 119:148) നമസ്കാരം നടത്തുന്ന പതിവാണ് നമ്മുടെ സഭയിൽ നിലനിൽക്കുന്നത്. ഒരുദിവസത്തെ എട്ടു യാമങ്ങളായി തിരിച്ചിരിക്കുന്നു എങ്കിലും ഏഴു യാമങ്ങളിൽ (സങ്കീ. 119:164) നമസ്കാരം അണയ്ക്കുന്ന പതിവാണ് ഇന്ന് നിലവിലിരിക്കുന്നത്. ഈ ഏഴു യാമങ്ങളെ നമ്മുടെ കർത്താവിന്റെ പീഢാനുഭവങ്ങളുടെ വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെടുത്തിയും മനുഷ്യന്റെ കർഷക ജീവിതത്തിന്റെ പ്രവർത്തനങ്ങളോടു ബന്ധപ്പെടുത്തിയും മനുഷ്യ ഇന്ദ്രിയങ്ങളുടെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട സംഖ്യയായുമൊക്കെ വിവിധ വ്യാഖ്യാനങ്ങൾ പരിശുദ്ധ സഭാ പിതാക്കന്മാർ നൽകിയിട്ടുണ്ട്. താഴെ കാണിച്ചിരിക്കുന്ന പട്ടിക ഇതിനെ കൂടുതൽ വ്യക്തമാക്കുന്നു.

യാമ നമസ്കാരങ്ങളും അവയുടെ സമയ ക്രമവും		നമ്മുടെ കർത്താവിന്റെ പീഢാനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി	കർഷക ജീവിതവുമായി ബന്ധപ്പെട്ട്
06.00 pm	സന്ധ്യാ / Vespers /ർംശോ	സെഹിയോൻ മാളികയിലെ വിശുദ്ധ കുർബ്ബാന സ്ഥാപനം	ഉഴവ്, കള നടത്തുന്നു
09.00 pm	സൂത്താറാ / Compline/ സൂത്തോറോ	ഗത്സെമൻ തോട്ടത്തിലെ പ്രാർത്ഥന	വിത്ത് വിതയ്ക്കുന്നു
12.00 Midnight	രാത്രി/പാതിരാ/ Matins/ ലിലിയോ	കർത്താവിനെ ബന്ധിക്കുന്നു	മുളച്ചുവരുന്ന ചെടിയെ സംരക്ഷിക്കുന്നു
06.00 am	പ്രാരംഭം/ മയ്യൽ/ Prime/ സപ്രോ	കർത്താവിന്റെ വിസ്താരം	കൊയ്ത്ത് നടത്തുന്നു
09.00 am	മൂന്നാം മണി/ ഏഴര/ Terce/ ത്ലോസ് ശോഈൻ	പീലാത്തോസ് ക്രൂശിക്കുവാൻ വിധിക്കുന്നു	കറ്റകൾ മെതിക്കുന്നു
12.00 Noon	ഉച്ച/ ആറാം മണി/ Sext/ ശേത് ശോഈൻ	കർത്താവിനെ ക്രൂശിൽ തറയ്ക്കുന്നു	ധാന്യം കളപ്പുരയിൽ ശേഖരിക്കുന്നു
03.00 pm	ഒൻപതാം മണി/ഇരുപത്തി രണ്ടര/ None/ ത്ശാ ശോഈൻ	കർത്താവ് പ്രാണനെ വിടുന്നു	ദാനധർമ്മം നൽകുന്നു

ഏഴു നേരത്തെ നമസ്കാരങ്ങളെക്കുറിച്ച് നമ്മുടെ സഭയുടെ മലങ്കരകാനോൻ അഞ്ചാം അധ്യായത്തിലും ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "കർത്താവ് പ്രകാശം നൽകിയതുകൊണ്ട് കാലത്തും, വിധി ഏറ്റതുകൊണ്ട് ഏഴരയ്ക്കും, കുരിശിൽ തറയ്ക്കപ്പെട്ടതുകൊണ്ട് ഉച്ചയ്ക്കും, ഭൂമി വിറച്ച് ഇളകി മരിച്ചവർ ഉയിർത്തെഴുന്നേറ്റതുകൊണ്ട് ഇരുപത്തിരണ്ടരയിലും, രാത്രിയിൽ ആശ്വാസത്തിനായി സന്ധ്യയിലും, പിശാചുക്കളുടെ അശുദ്ധപ്പെട്ട സ്വപ്നങ്ങളിൽ നിന്നും കാഴ്ചകളിൽ നിന്നും രക്ഷിക്കപ്പെടുവാൻ സൂത്താറയിലും സകല അപകടങ്ങളിൽ നിന്നും നമ്മെ കാത്തു സൂക്ഷിപ്പാൻ പാതിരായിലും ഇങ്ങനെഏഴു പ്രാവശ്യം നമസ്ക്കരിക്കണം."

നമസ്ക്കാരങ്ങൾ യാമങ്ങൾ തോറും ഏഴു നേരമായി നടത്തുവാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നെങ്കിലും എല്ലാവർക്കും ഏഴു പ്രാവശ്യം തന്നെ നമസ്ക്കരിക്കുവാൻ കഴിയാതെയിരുന്നാൽ ദിവസവും മൂന്നു നേരമായോ (സങ്കീ. 55:16,17, ദാനി. 6;10), രണ്ടു നേരമായോ നമസ്കാരങ്ങൾ നടത്താവുന്നതാണ്. മൂന്നു നേരമായി നടത്തുമ്പോൾ, സന്ധ്യയ്ക്ക് - സന്ധ്യാ, സൂത്താറാ എന്നിവയുടെയും, പ്രഭാതത്തിൽ - പാതിരാ, പ്രഭാതം, മൂന്നാം മണി എന്നിവയുടെയും, ഉച്ചയ്ക്ക് -ആറാം മണി, ഒൻപതാം മണി, എന്നിവയുടെയും നമസ്കാരങ്ങൾ ഒരുമിച്ചു നടത്തുന്നു. യാമ പ്രാർത്ഥനകൾ രണ്ടു നേരമായി നടത്തുമ്പോൾ, സന്ധ്യയ്ക്ക് - ഒൻപതാം മണി, സന്ധ്യാ, സൂത്താറാ എന്നിവയുടെയും, പ്രഭാതത്തിൽ - പാതിരാ, പ്രഭാതം, മൂന്നാം മണി, ഉച്ച എന്നിവയുടെയും നമസ്കാരങ്ങൾ ഒരുമിച്ചു നടത്തുന്നു. എന്നാൽ സാധാരണ ദിവസങ്ങളിൽ പ്രഭാതത്തിലും സന്ധ്യയിലുമായി രണ്ടുനേരമായാണ് നമസ്കാരങ്ങൾ നടത്താറുള്ളത് (പുറ. 30:7,8). അതുകൊണ്ട് ഈ രണ്ടു നേരത്തെ ക്രമീകരണത്തെക്കുറിച്ച് കൂടുതലായി വിവരിക്കുന്നു. നമ്മുടെ സഭയിലെ ശ്ഹീമാ നമസ്കാരത്തിലും രണ്ടു നേരമായി നടത്തുവാനുള്ള രീതിയിലാണ് പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നത്.

സന്ധ്യയിലെ നമസ്കാരങ്ങൾ

രണ്ടു നേരമായി നടത്തുമ്പോൾ സന്ധ്യയിൽ ഒൻപതാം മണിയുടെയും സന്ധ്യയുടെയും സൂത്താറായുടെ നമസ്കാരങ്ങൾ ഒരുമിച്ച് നടത്തുന്നു. ആദ്യമായി കൗമ്മായിൽ ഒമ്പതാം മണി നമസ്കാരം ആരംഭിക്കുന്നു. പിന്നീട് ദൈവമായ കർത്താവേ കാലത്തിന്റെ സൂര്യൻ... എന്നു തുടങ്ങുന്ന പ്രാരംഭ പ്രാർത്ഥനചൊല്ലുന്നു. തുടർന്ന് സാധാരണയായി ഒരു മൗദ്യോനൂസോയോ കോലോകളോ ഉണ്ടായിരിക്കും. അതിനുശേഷം കരുണ നിറഞ്ഞവനേ എന്ന മാർ ബാലായിയുടെ ബോവൂസയ്ക്കുശേഷം കൗമ്മാ ചൊല്ലി ഒമ്പതാം മണി നമസ്കാരം തീരുന്നു. ഇതിനുശേഷം കൗമ്മാ വീണ്ടും ചൊല്ലിക്കഴിഞ്ഞ് സന്ധ്യയുടെ പ്രാർത്ഥനതുടങ്ങുന്നു, കൗമ്മായ്ക്കുശേഷം ദൈവമായ കർത്താവേ ഞങ്ങളുടെ ശരീരങ്ങൾ പകൽ... എന്ന പ്രാരംഭ അപേക്ഷ ചൊല്ലുന്നു. തുടർന്ന് കർത്താവേ നിന്നെ ഞാൻ നോക്കി വിളിച്ചു... എന്നു തുടങ്ങുന്ന 141,142,119,117 സങ്കീർത്തനഭാഗങ്ങൾ ചൊല്ലുന്നു.

അതിനുശേഷം എക്ബോ, പ്രൊമ്യോൻ, സെദറാ, ഒന്നാം കോലോ, രണ്ടാം കോലോ, കുക്കിലിയോൻ എന്നിവ ചൊല്ലുന്നു. അവസാനം മോറോനേശുമ്ശിഹാ എന്ന പ്രാർത്ഥനയും കൗമ്മായും ചൊല്ലിക്കഴിയുമ്പോൾ സന്ധ്യയുടെ നമസ്കാരം അവസാനിക്കുന്നു. വീണ്ടും കൗമ്മായ്ക്കു ശേഷം സൂത്താറയുടെ പ്രാർത്ഥന ആരംഭിക്കുന്നു. കർത്താവേ നിന്റെ കരുണയാകുന്ന ചിറകിൻ... എന്നു തുടങ്ങുന്ന പ്രാരംഭ പ്രാർത്ഥന ചൊല്ലിയതിനുശേഷം കോലോകൾ, ബോവൂസകൾ, എന്നിവ ചൊല്ലുന്നു. ഉറക്ക സമയത്തേയ്ക്കുള്ള ഞങ്ങൾക്കുള്ള കർത്താവേ ഞാനിഹ നിദ്ര... എന്നു തുടങ്ങുന്ന മാർ അപ്രേമിന്റെ മെമ്രാ പിന്നീടു ചൊല്ലുന്നില്ലെങ്കിൽ ബോവൂസയ്ക്കു ശേഷം ചൊല്ലാവുന്നതാണ്. ഈ ഗീതം നിത്യ നമസ്കാരക്രമത്തിൽപ്പെടുത്തി ചൊല്ലുന്നില്ലെങ്കിൽ പിന്നീട് ഉറക്ക സമയത്ത് പ്രത്യേകം ചൊല്ലിയിട്ടു കിടക്കാവുന്നതാണ്. ഇതിനുശേഷം 91,121 മസുമൂറുകൾ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനായ... എന്ന പ്രാർത്ഥന, അത്യുന്നതങ്ങളിൽ കർത്താവിന്റെ തിരുനാമം എന്ന ക്രോബകളുടെ (മാലാഖമാരുടെ) കൗമ്മാ, വിശ്വാസപ്രമാണം, ചില പ്രത്യേക അപേക്ഷകൾ (ഉചിതം പോലെ) ഹൂത്തോമ്മ എന്നിവ ചൊല്ലി അവസാനിപ്പിക്കുന്നു.

പ്രഭാതത്തിലെ നമസ്കാരങ്ങൾ

പ്രഭാതത്തിൽ ആദ്യം പാതിരായുടെ നമസ്കാരം തുടങ്ങുന്നു (സങ്കീ. 119:147). പാതിരാ നമസ്കാരത്തിന് നാലു പ്രത്യേക ഭാഗങ്ങൾ അഥവാ നാലു കൗമ്മകൾ ഉണ്ട്. ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന കൗമ്മ ആദ്യം

ചൊല്ലുന്നു. തുടർന്ന് ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ... എന്ന പ്രാരംഭ പ്രാർത്ഥന, 113,119,117 എന്നീ സങ്കീർത്തനഭാഗങ്ങൾ, അവയുടെ എനിയോനോ, എക്ബോ, കോലോ, ബോവൂസോ, എന്നിവയാണ് ഒന്നാം കൗമ്മയുടെ ഘടകങ്ങൾ. രണ്ടാം കൗമ്മയുടെയും മൂന്നാം കൗമ്മയുടെയും തുടക്കത്തിൽ അത്യുന്നതങ്ങളിൽ കർത്താവിന്റെ തിരുനാമം... എന്ന ക്രോബേന്മാരുടെ (മാലാഖമാരുടെ) കൗമ്മാ ചൊല്ലുന്നു. അതിനുശേഷം എക്ബോ, കോലോ, ബോവൂസോ ഇവ കഴിഞ്ഞാൽ രണ്ടും മൂന്നും ഭാഗങ്ങൾ തീരുന്നു. തുടർന്ന് ഹാലേലുയ്യാ - ഹാലേലുയ്യാ- ഹാലേലുയ്യാ - ദൈവമേ നിനക്കു സ്തുതി എന്ന സ്തുതിപ്പോടുകൂടി നാലാം കൗമ്മാ ആരംഭിക്കുന്നു. കന്യകമറിയാമ്മിന്റെ പാട്ട്, എക്ബോ, മസുമൂറുകൾ, ത്രിത്വത്തിനു സ്തുതി, കുക്കിലിയോൻ, മാലാഖമാരുടെ സ്തുതി, മോറോൻ യേശുമ്ശിഹാ എന്നിവ കഴിഞ്ഞ് ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന കൗമ്മയോടുകൂടി പാതിരാ നമസ്കാരം അവസാനിക്കുന്നു. വീണ്ടും ഒരു കൗമ്മാ കഴിഞ്ഞ് പ്രഭാത നമസ്കാരം ആരംഭിക്കുന്നു. ദൈവമായ കർത്താവേ ഭാഗ്യം നൽകുന്ന... എന്ന പ്രാരംഭ പ്രാർത്ഥന, 51,63 മസുമൂറുകൾ, എനിയോനോ, എക്ബോ, പ്രോമ്യോൻ, സെദറാ, ഒന്നാം കോലോ, രണ്ടാം കോലോ, കുക്കിലിയോൻ, കർത്താവിനെസ്തോത്രം ചെയ്യുന്നതും... എന്ന സ്തുതിപ്പ് എന്നിവയ്ക്കുശേഷം കൗമ്മായോടുകൂടി പ്രഭാത നമസ്കാരം അവസാനിക്കുന്നു. പിന്നീട് മൂന്നാം മണി നമസ്കാരം ആരംഭിക്കുന്നു. കൗമ്മാ, പ്രാരംഭ പ്രാർത്ഥന, കോലോ, ബോവൂസോ, എന്നിവ ചൊല്ലി അവസാനിക്കുന്നു. തുടർന്ന് വീണ്ടും കൗമ്മയോടുകൂടി ഉച്ച നമസ്കാരം ആരംഭിക്കുന്നു. ഇതിൽ പ്രാരംഭ പ്രാർത്ഥന, കോലോ, ബോവൂസോ, മാർ സേവേറിയോസിന്റെ മാനീസാ, കൗമ്മാ, വിശ്വാസപ്രമാണം, ഹൂത്താമ്മാ ഇവ ചൊല്ലി അവസാനിപ്പിക്കുന്നു.



അനുഷ്ഠാനക്രമം

എല്ലാ നമസ്കാരങ്ങളുടെ ആരംഭത്തിലും അവസാനത്തിലും ഓരോ കൗമ്മാ ചൊല്ലണം. പലയാമങ്ങളിലെ നമസ്കാരങ്ങൾ ഒരുമിച്ചു നടത്തുമ്പോൾ രണ്ട് കൗമ്മാകൾ അടുത്തു വരുന്നു. ഇങ്ങനെവരുമ്പോൾ പ്രാരംഭസ്തുതി ഒഴിവാക്കി ദൈവമേ നീ പരിശുദ്ധൻ... എന്നു തുടങ്ങുന്ന ഭാഗം മുതൽ ചൊല്ലിയാൽ മതിയാകും. എല്ലാ കൗമ്മാകൾ ചൊല്ലുമ്പോഴും വിശ്വാസ പ്രമാണത്തിനിടയിലും കുമ്പിട്ട് കുരിശുവരയ്ക്കുന്ന പതിവാണുള്ളത് (സങ്കീ. 95:6). പ്രഭാതത്തിലും സന്ധ്യിലും അതതു ദിവസത്തേക്ക് നിശ്ചയിച്ചിട്ടുള്ള ഏവൻഗേലിയോൻ വായിക്കുവാൻ അനുവദിച്ചിട്ടുള്ളതാകുന്നു. നമ്മുടെ മറ്റ് ആരാധനാ ക്രമങ്ങളിലെപ്പോലെ നിത്യ പ്രാർത്ഥനയുടെ ഗീതങ്ങളും എട്ടു രാഗത്തിൽ അഥവാ എട്ടു നിറത്തിൽ പാടാവുന്നതാണ്. പാതിര, മൂന്നാം മണി, ഉച്ച, ഒമ്പതാം മണി എന്നീ യാമങ്ങളുടെ ഗീതങ്ങൾ മാത്രമേ മാറിവരുന്ന ക്രമീകരണത്തിൽ പാടുകയുള്ളൂ. എന്നാൽ പ്രഭാതം, സന്ധ്യ, സൂത്താറാ എന്നീ നമസ്കാരങ്ങളുടെ ഗീതങ്ങൾ എല്ലാ ആഴ്ചയിലും നിശ്ചിത രാഗങ്ങളിൽ മാത്രമാണ് ആലപിക്കുന്നത്.

ഉപസംഹാരം

എഴുതപ്പെട്ടതിലും നിശ്ചയിക്കപ്പെട്ടതിലും ഏറ്റക്കുറച്ചിലുകളോടെ ആരെങ്കിലും പ്രാർത്ഥിക്കാൻ താൽപ്പര്യപ്പെടുന്നുവെങ്കിൽ അതിൽ നാം തെറ്റുകാണുന്നത് ശരിയല്ല. ചിലർ ദീർഘങ്ങളായ പ്രാർത്ഥനാ ശുശ്രൂഷകൾ ഇഷ്ടപ്പെടുന്നു. ചിലർ ചുരുങ്ങിയവ ഇഷ്ടപ്പെടുന്നു. എന്നാൽ ചുരുങ്ങേണ്ടത് അല്ലെങ്കിൽ ദീർഘമാകേണ്ടത് ഏതാണ്, എപ്പോഴാണ്, എങ്ങനെയാണ് എന്നിവ നിശ്ചയമില്ലാതെ മുഴുവനും തള്ളിക്കളഞ്ഞിട്ട് അവരവർക്ക് ബോധിച്ച വിധത്തിൽ പ്രവർത്തിക്കുന്ന ഒരു സമ്പ്രദായം വളരെ അപകടകരമാണ്. അങ്ങനെയുള്ള രീതികൾ പ്രാർത്ഥനാ ജീവിതത്തിനും സഭയുടെ വിശ്വാസ സ്ഥിരതയ്ക്കും ഭംഗം വരുത്തുന്നു. ഈയൊരു തിരിച്ചറിവ് ഉൾക്കൊണ്ടാണ് നമ്മുടെ സഭാ പിതാക്കന്മാർ ചില കാര്യങ്ങളിൽ ഏകയോജ്യത അത്യാവശ്യമെന്ന് നമ്മെ പഠിപ്പിച്ചത്. ഇതിനുള്ള ഉത്തമ ഉപാധികളായാണ് സഭ ഈ നിത്യ നമസ്കാര ക്രമങ്ങളെയും അതിന്റെ ക്രമീകരണങ്ങളെയും ഉൾക്കൊണ്ടിരിക്കുന്നത്. ഈ നമസ്കാരങ്ങൾ ചൊല്ലുമ്പോഴും ഇതിൽ സംബന്ധിക്കുമ്പോഴും ആവർത്തനവിരസത തോന്നാമെങ്കിലും നിർദ്ദിഷ്ടമായ പ്രാർത്ഥനകൾ ചൊല്ലുമ്പോൾ ദൈവ സംസർഗ്ഗം അനുഭവിച്ചുകൊണ്ട് അതു നിശ്ചയിച്ച സഭയോടുള്ള സ്നേഹവും അനുസരണവും ശക്തിപ്പെടുവാൻ കാരണമാകണം. സഭയുടെ തനിമ തുടരാനും നമ്മുടെ ഉള്ളിലെ ദൈവീക മനുഷ്യൻ വളരുവാനും നാം ആഗ്രഹിക്കുന്ന പക്ഷം ഈ നമസ്കാരങ്ങൾ മുടക്കം കൂടാതെ ചൊല്ലുന്നതിനും പരിശീലിപ്പിക്കുന്നതിനും നമുക്ക് ഒരുങ്ങാം.



മാർത്തോമ്മാ സഭയെ സംബന്ധിച്ച് പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ (1845–1931) എഴുതിയ വിലാപങ്ങളുടെ ചെറു പുസ്തകത്തിൽ നിന്നും.

നമ്മുടെ പള്ളികളിൽ സന്ധ്യയക്കും കാലത്തും മണിയടിക്കുകയും സന്ധ്യയ്ക്ക് വിളക്ക് വയ്ക്കുകയും അതാത് ഇടവകകളിലെ പട്ടക്കാരും സമീസ്ഥന്മാരും പള്ളിയിൽ കൂടി പ്രാർത്ഥിക്കുകയും ദൈവത്തെ ആരാധിക്കുന്നതിന് മെഴുകുതിരി കൊളുത്തിയും ധൂപം മുതലായ സുഗന്ധങ്ങളോടും പ്രത്യേക ഗീതങ്ങളോടും കൂടിയും രണ്ടു നേരവും ദൈവാരാധനകൾ മുടങ്ങാതെ ദേവാലയത്തിൽ നടത്തിക്കൊണ്ടു വന്നിരുന്നു.

പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ വിശ്വാസം ദൃഢമായിരുന്നു. യാമങ്ങൾ തോറും നടത്തിയിരുന്ന പ്രാർത്ഥനകൾക്ക് യാത്ര അവസരങ്ങളിൽപോലും മുടക്കം വരുത്തിയിരുന്നില്ല.

കോവൂർ ഐപ്പ് തോമ്മാ കത്തനാരെപ്പറ്റി (1842– 1917)അദ്ദേഹത്തിന്റെ ജീവചരിത്ര ഗ്രന്ഥത്തിൽ നിന്നും.

ആദരാഞ്ജലികൾ



RT. REV. DR. ZACHARIAS MAR THEOPHILUS
SUFFRAGAN METROPOLITIN

ആദരാഞ്ജലികൾ



REV. P V PHILIP
HOSKOTE
2016 OCTOBER 03

REV. K.M.ABRAHAM
KEEKOZHOOR
2016 AUGUST 14

REV. JOHN MATHEW
KURIANNUR
2016 MAY 26

REV. C.P.VARGHESE
PATHANAMTHITTA
2016 JUNE 18

REV. P. V. THOMAS
MULAKAZHA
2016 JUNE 25

REV. K. THOMAS MATHEW
AYIROOR
2016 AUGUEST 20

REV. P. V. GEORGE
KEEZHVAIPUR
2016 JUNE 2

REV. C.I . THOMAS
KOZHENCHERY
2016 MAY 17



REV. C. K. VARGHESE
RANNY
2016 MARCH 6

Kadavil # 0475 2220837

ചരാധിചപതി : റവ. പി. ഫിലിപ്, റവ. സിജു സി. ഫിലിപ്,
റവ. സിബു പള്ളിച്ചിറ, ശ്രീ. എബി ഐസക്
Published from Thybooso, Marthoma Dayara, Plachery, P.O, Punalur-691331.
E-mail : marthomadayara@gmail.com. Ph : 0475 2222281, 9446274644